(എ) ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളെടുത്ത് പ്രീ-ഡിഗ്രി പാസ്സാകുന്നവരെ ത്രിവത്സര ഫാർമസി ഡിപ്ലോമാ കോഴ്സിന്റെ 2-ാം വർഷ ക്ലാസ്സിൽ ചേർന്നു പഠിക്കുവാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം പാസ്സാകുന്നവർക്ക് ദ്വിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റാണോ ത്രിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റാണോ നൽകുന്നത്;

(സി) ഇത്തരത്തിൽ പഠിച്ച് വിജയിച്ചവർ സൗദി അറേബ്യയിൽ ജോലിക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അവരുടെ യോഗ്യതാ സർട്ടിഫിക്കറ്റ് സൗദി എംബസി അറ്റസ്റ്റ് ചെയ്യാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) പ്രീ-ഡിഗ്രി പാസ്സായവർക്ക് ഒരു വർഷത്തെ എക്സംപ്ഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഫാർമസി ഡിപ്ലോമക്കാർക്ക് ത്രിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റ് നൽകി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമോ?

ഉത്തരം

(എ) ത്രിവത്സര ഫാർമസി ഡിപ്ലോമാ കോഴ്സ് എന്ന കോഴ്സ് നിലവിലില്ല. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളെടുത്ത് പ്രീ-ഡിഗ്രി പാസ്സാകുന്നവരെ ഫാർമസി ഡിപ്ലോമാ കോഴ്സിന്റെ 2-ാം വർഷ ക്ലാസ്സിൽ ചേർന്നു പഠിക്കാൻ അനുവദിച്ചിട്ടില്ല.

(ബി)— (ഇ) ചോദ്യം ഉദിക്കുന്നില്ല.

കൊല്ലം ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

205 [3176] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലായി കൊല്ലം ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷം റിട്ടയർമെന്റ് വഴി കൊല്ലം ജില്ലയിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly